I/183937/2024

**ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം**
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം,പിൻകോഡ് :-695033
**മെയിൽ ഐ ഡി** :- lrcommissioner@gmail.com
e-Office CRU ID :- cru.lrctvm@kerala.gov.in

**LR/8067/2023-LR(E1)** **Date:30-04-2024**

**സർക്കുലർ**

**വിഷയം :-** ജീവനക്കാര്യം ലാൻഡ് റവന്യൂ വകുപ്പിലെ ജീവനക്കാരുടെ ഓൺലൈൻ പൊതു സ്ഥലംമാറ്റം 2024 - സംബന്ധിച്ച്

**സൂചന :-** 1.സ ഉ (പി) നം 03/2017/ഉപഭവ തീയതി 25/02/2017
2.സ ഉ (സാധാ) നം 2485/2021/റവ തീയതി 30/07/2021
3.20/02/2024 ലെ ഇതേ നം സർക്കുലർ.

സൂചന (1), (2) സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ വകുപ്പിലെ ജീവനക്കാരുടെ 2024 ലെ ഓൺലൈൻ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് സൂചന 3 പ്രകാരം അപേക്ഷകൾ സമർപ്പിക്കുന്നതിന് 2024 ഫെബ്രുവരി 26 മുതൽ മാർച്ച് 18 വരെ HRMS മോഡ്യൂളിൽ സൗകര്യം ഒരുക്കിയിരുന്നു. ലോകസഭ ഇലക്ഷൻ 2024-മായി ബന്ധപ്പെട്ട് ഇലക്ഷൻ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിലേയ്ക്കായി ഒഴിവുകൾ നികത്തുന്നതിന് സ്ഥാനകയറ്റം/സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നതിനാൽ ജീവനക്കാർ വിവിധ സ്റ്റേഷനുകളിലേയ്ക്ക് മാറ്റി നിയമിക്കപ്പെട്ടിട്ടുണ്ട്. 2024 ലെ ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിന് ഇതുവരെ അപേക്ഷിക്കാത്തവർക്ക് പുതിയ അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷ നൽകിയവർക്ക് സമർപ്പിച്ച അപേക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അത്തരത്തിൽ അപേക്ഷ റീസബ്മിറ്റ് ചെയ്യുന്നതിനും 01/05/2024 മുതൽ 10/05/2024 വരെ HRMS മുഖേനയുള്ള പൊതു സ്ഥലം മാറ്റ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൌകര്യം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുതുക്കിയ സമയക്രമം ചുവടെ ഉൾപ്പെടുത്തുന്നു.

**സമയക്രമം**

| | |
|---|---|
| **അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി -** | **2024 മേയ് 1 രാവിലെ 10 മണി മുതൽ 2024 മേയ് 10 വൈകുന്നേരം 5 മണിവരെ** |
| **ഡി.ഡി.ഒ ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി -** | **2024 മേയ് 14 ന് രാത്രി 12.00 മണി വരെ** |
| **ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കേണ്ട അവസാന തീയതി -** | **2024 മേയ് 17 ന് രാത്രി 12.00 മണി വരെ** |
| **കരട് പട്ടിക പ്രസിദ്ധികരിക്കുന്ന തിയതി** | **2024 മേയ് 26** |
| **ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി** | **2024 മേയ് 27 രാവിലെ 10 മണി മുതൽ 2024 ജൂൺ 01 രാത്രി 12 മണിവരെ** |
| **അന്തിമ പട്ടിക പ്രസിദ്ധികരിക്കുന്ന തിയതി** | **2024 ജൂൺ 10** |

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

- HRMS മോഡ്യൂളിൽ General Transfer-2024 ഓപ്ഷനിലെ Transfer Applicationമെനു

ഓപ്ഷൻ സെലക്റ്റ് ചെയ്യുക.

- Transfer Application മെനു ഓപ്ഷൻ സെലക്റ്റ് ചെയ്യുമ്പോൾ 2024 ലെ ഓൺലൈൻ പൊതു സ്ഥലംമാറ്റം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് Apply For General Transfer എന്ന ലിങ്ക് കാണുവാൻ കഴിയും. ഉദ്യോഗസ്ഥർക്ക് ടി ലിങ്ക് ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- HRMS മോഡ്യൂളിൽ 2024 - ൽ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ നല്കിക്കഴിഞ്ഞവർക്ക് ആവശ്യമെങ്കിൽ ടി അപേക്ഷ റീസബ്മിറ്റ് ചെയ്യാവുന്നതാണ്. ഇതിനായി HRMS മോഡ്യൂളിൽ General Transfer-2024 ഓപ്ഷനിലെ Transfer Application മെനു ഓപ്ഷൻ സെലക്റ്റ് ചെയ്യുക. അവിടെ 2024 - ൽ സമർപ്പിച്ച അപേക്ഷയുടെ നേരെ "Resubmit My Application" എന്ന ബട്ടൺ കാണുവാൻ കഴിയും. ടി ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ഒരു Confirmation window വരികയും ടി window യിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ എന്റർചെയ്ത് Confirm നൽകിയ ശേഷം പുതുതായി അപേക്ഷ നൽകാവുന്നതാണ്.
- ഒരു ഉദ്യോഗസ്ഥൻ ആപ്ലിക്കേഷൻ റീസബ്മിറ്റ് ചെയ്യുന്നതിനുള്ള confirmation നൽകുന്നതോടെ 2024 - ൽ മുൻപ് നൽകിയ ആപ്ലിക്കേഷൻ disable ചെയ്യപ്പെടും. ടി ആപ്ലിക്കേഷൻ പിന്നെ പരിഗണിക്കില്ല. അതായത് ഒരു ഉദ്യോഗസ്ഥൻ ആപ്ലിക്കേഷൻ റീസബ്മിറ്റ് ചെയ്യുന്നതിനുള്ള confirmation നൽകിയ ശേഷം ആപ്ലിക്കേഷൻ പുനഃസമർപ്പിച്ചില്ലെങ്കിൽ ടിയാൾ 2024 - ലെ പൊതുസ്ഥലംമാറ്റത്തിന് നൽകിയ അപേക്ഷ നിരുപാധികം പിൻവലിച്ചതായി കണക്കാക്കപ്പെടും. ആപ്ലിക്കേഷൻ delete ചെയ്യേണ്ടവർക്ക് ഇത്തരത്തിൽ ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്. എന്നാൽ 2024 - ലെ പൊതുസ്ഥലംമാറ്റത്തിന് പരിഗണിക്കപ്പെടേണ്ട ഉദ്യോഗസ്ഥർ നിർബന്ധമായും അപേക്ഷ പുനസമർപ്പിക്കേണ്ടതാണ്.
- 2024 ലെ ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിന് സമർപ്പിച്ച അപ്ലിക്കേഷനിൽ മാറ്റം വരുത്തേണ്ടതില്ലാത്ത ഉദ്യോഗസ്ഥർ റീസബ്മിറ്റ് ഓപ്ഷൻ ഉപയോഗിക്കരുത്. റീസബ്മിറ്റ് ഓപ്ഷൻ ഉപയോഗിക്കാത്തവർക്ക് മുൻപ് നൽകിയ ആപ്ലിക്കേഷൻ അതുപോലെ തന്നെ പരിഗണിക്കുന്നതാണ്.
- പുതിയ അപേക്ഷയും റീസബ്മിറ്റ് ചെയ്യുന്ന അപേക്ഷയും മുൻകാലങ്ങളിലേതുപോലെ ഓഫീസ് മേധാവിക്ക് തന്നെയാണ് സമർപ്പിക്കപ്പെടുന്നത്.ഓഫീസ് മേധാവി ടി അപേക്ഷ പരിശോധിച്ച് അത് ജില്ലാകളക്ടർക്കും ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്കും അനുവദിക്കപ്പെട്ടിട്ടുള്ള സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

ജില്ലാ കളക്ടർ / ഓഫീസ് മേധാവികൾ ടി സർക്കുലർ എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം 2024 മേയ് 15 നകം സമർപ്പിക്കേണ്ടതാണ്.

A GEETHA IAS, JC C L R, O/O Joint Commissioner CLR

To :-

എല്ലാ ജീവനക്കാർക്കും (ഓഫീസ് മേധാവി മുഖേന)

I/183937/2024

എല്ലാ ജില്ലാ കളക്ടർമാർക്കും, ആസ്ഥാന കാര്യാലയ മേധാവിമാർക്കും